## പതിമൂന്നാം കേരളനിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം : 207** 18.06.2013 ലെ മറുപടിയ്ക്ക്

## സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജനിലയങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, കെ. ശിവദാസൻ നായർ<br>,, പി. എ. മാധവൻ<br>,, പി. സി. വിഷ്ണുനാഥ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി)<br>1) പകൽ സമയം ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ് കുറയ്ക്കുക.<br>2) ലോഡ് ഷെഡിംഗ് സമയത്ത് വൈദ്യുതി തടസ്സമില്ലാതെ ലഭ്യമാക്കുക.<br>3) സർക്കാർ ഓഫീസുകൾ ഊർജ്ജ സ്വയംപര്യാപ്തമാക്കുന്നതിന് പരമാവധി സൗരോർജ്ജം ഉപയോഗിക്കുക എന്നിവയാണ് മേൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി) പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസി ആരാണ്; വിശദമാക്കുമോ; | (സി) ഡെപ്പോസിറ്റ് വർക്ക് സ്കീം ഓഫ് സോളാർ പവർപ്ലാന്റ് പദ്ധതിയുടെ നോഡൽ ഏജൻസി അനെർട്ട് ആണ്. ഈ പദ്ധതി പ്രകാരം നവീന - നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ (MNRE, Govt. of India) നിർദ്ദേശപ്രകാരമുള്ള ഗുണനിലവാരമുള്ള സൗരോർജ്ജ മോഡ്യൂളുകളും ഇൻവർട്ടറുകളും ബാറ്ററിയും ഉപയോഗി |

ച്ചാണ് പവർപ്ലാന്റുകൾ സ്ഥാപിക്കുന്നത്. 5 വർഷമാണ് ഈ പവർപ്ലാന്റിന്റെ വാറന്റി. കൂടാതെ സൗരോർജ്ജ പാനലുകൾക്ക് 25 വർഷത്തെ പെർഫോർമൻസ് വാറന്റിയും നൽകുന്നതാണ്. എന്നാൽ 'ഗ്രിഡ് കണക്ടഡ് സോളാർ/ഹൈബ്രിഡ്, സോളാർ പ്ലാന്റ് ഓൺ പബ്ലിക്ക് ബിൽഡിംഗ്സ് - 2013' എന്ന പദ്ധതിയുടെ സംസ്ഥാനതല നിർവഹണം ഏറ്റെടുക്കുവാൻ കെ.എസ്.ഇ.ബി സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാനായി ഏതെല്ലാം കമ്പനികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് MNRE (Ministry of New and Renewable Energy) സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ടെണ്ടർ നടപടികൾ മുഖേനയാണ്. ഇതിനായി കമ്പനികളെ പ്രത്യേകമായി ചുമതലപ്പെടുത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ